# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## രാജാക്കാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA IDK 12-1010/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 29/12/2021
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
രാജാക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : രാജാക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം രാജാക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA IDK 12-1010/21 തീയ്യതി: 29/12/2021

## ഇടുക്കി ജില്ലയിലെ രാജാക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ രാജാക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 03-10-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സി ആർ ബീനാകുമാരി | ഡെപ്യൂട്ടി ഡയറക്ടർ | 04-10-2021 | 30-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-10-2021 | 08-10-2021 |
| 27-10-2021 | 30-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ടി. എസ്. ധനജയൻ ഓഡിറ്റ് ഓഫീസർ

ശ്രീ. എം. എസ്. രാജീവ് ഓഡിറ്റ് ഓഫീസർ

ശ്രീ. എം. കെ. അഭിലാഷ് അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ജോമോൻ ഫ്രാൻസീസ് സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. ടി. ടി. മുഹമ്മദ് ഫാസിൽ സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി എം എസ് സതി | പ്രസിഡന്റ് | 01-04-2020 | 10-11-2020 |
| ഭരണ നിർവ്വഹണ കമ്മറ്റി | പ്രസിഡന്റ് | 11-11-2020 | 30-01-2021 |
| ശ്രീമതി എം എസ് സതി | പ്രസിഡന്റ് | 31-01-2021 | 31-03-2021 |
| ശ്രീ രഘുനാഥൻ ജി | സെക്രട്ടറി | 01-04-2020 | 05-04-2020 |
| ശ്രീ സുജീത് കുമാർ ആർ സി | സെക്രട്ടറി | 06-04-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി കാഞ്ചന ടി കെ | അസിസ്റ്റൻറ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ റഷീദ് പി എം | അസിസ്റ്റന്റ് എൻജിനീയർ | 01-04-2020 | 03-12-2020 |
| ശ്രീമതി അജിത പി കുമാരൻ | അസിസ്റ്റന്റ് എൻജിനീയർ | 04-12-2020 | 20-01-2021 |
| ശ്രീ മഹേഷ് കെ പി | അസിസ്റ്റന്റ് എൻജിനീയർ | 21-01-2021 | 31-03-2021 |
| ഡോ സിബി ബി ജി | വെറ്ററിനറി സർജൻ | 01-04-2020 | 15-10-2020 |
| ഡോ ആദർശ് ചന്ദ്രൻ | വെറ്ററിനറി സർജൻ | 16-10-2020 | 30-10-2020 |
| ഡോ തോമസ് മണവാളൻ | വെറ്ററിനറി സർജൻ | 31-10-2020 | 08-12-2020 |
| ഡോ പാർവ്വതി ഇ കെ | വെറ്ററിനറി സർജൻ | 09-12-2020 | 31-03-2021 |
| ശ്രീമതി ബെറ്റ്സി മരിയ ജോൺ | കൃഷി ഓഫീസർ | 01-04-2020 | 06-04-2020 |
| ശ്രീമതി ബീന ആർ | കൃഷി ഓഫീസർ | 07-04-2020 | 12-10-2020 |
| ശ്രീ രജബ് കെ കലാം | കൃഷി ഓഫീസർ | 13-10-2020 | 17-03-2021 |
| ശ്രീ എം എസ് ജോൺസൺ | കൃഷി ഓഫീസർ | 18-03-2021 | 31-03-2021 |
| ശ്രീമതി ഉഷ സ്റ്റീഫൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 30-11-2020 |
| ശ്രീമതി മേഴ്സി എ എ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-12-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ ശ്രീകല എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ)) | 01-04-2020 | 31-03-2021 |
| ഡോ എം എസ് നൗഷാദ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 15-11-2020 |
| ഡോ കെ എസ് സിംല | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 16-11-2020 | 31-03-2021 |
| ഡോ. യൂനസ് വി. എം. | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | 01-04-2020 | 31-03-2021 |
| ശ്രീ. പി. കണ്ണൻ | ഫിഷറീസ് സബ് ഇൻസ്‌പെക്ടർ | 01-04-2020 | 03-11-2020 |
| ശ്രീ. സനിത് കുമാർ എൻ. ടി. | ഫിഷറീസ് സബ് ഇൻസ്‌പെക്ടർ | 04-11-2020 | 31-03-2021 |
| ശ്രീമതി ജിൻസി തോമസ് | വി.ഇ.ഒ. | 01-04-2020 | 31-03-2021 |
| ശ്രീ ബിനാഷ് തോമസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jomon Francis (Senior Grade Auditor, On 12-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 29-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: M.K.Abhilash (Asst. Audit Officer, On 29-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 21-12-2021) | 1-2 |
| 3 | ഫണ്ട് വിനിയോഗം<br>Written By: M.K.Abhilash (Asst. Audit Officer, On 07-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 29-12-2021) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: M.K.Abhilash (Asst. Audit Officer, On 05-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 29-12-2021) | 1-4 |
| 5 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jomon Francis (Senior Grade Auditor, On 31-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 29-12-2021) | 1-5 |
| 6 | ക്ഷേമ പദ്ധതികൾ<br>Written By: M.S.Rajeev (Audit Officer, On 31-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 22-12-2021) | 1-6 |
| 7 | ക്യാഷ് പരിശോധന<br>Written By: T.S.Dhanajayan (Audit Officer, On 06-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 29-12-2021) | 1-7 |
| 8 | ആഭ്യന്തര നിയന്ത്രണം<br>Written By: T.S.Dhanajayan (Audit Officer, On 28-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 26-12-2021) | 1-8 |
| 9 | വാർഷിക കണക്കുകളുടെ അപാകത<br>Written By: M.K.Abhilash (Asst. Audit Officer, On 28-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 29-12-2021) | 1-9-1 |
| 10 | വിവിധ ഉദ്ദേശ്യ ഫണ്ടുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.<br>Written By: M.K.Abhilash (Asst. Audit Officer, On 28-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 26-12-2021) | 1-9-2 |
| 11 | ബാലൻസ് ഷീറ്റ് ബി-5 ഷെഡ്യൂൾ, ബി-16 ഷെഡ്യൂൾ എന്നിവ പൊരുത്തപ്പെടുന്നില്ല<br>Written By: M.K.Abhilash (Asst. Audit Officer, On 28-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 22-12-2021) | 1-9-3 |
| 12 | ധനവ്യയം ക്രമപ്രകാരമല്ല - ബാധ്യത ആയി നിൽക്കുന്ന 8 ലക്ഷത്തിലധികം രൂപ ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നില്ല<br>Written By: M.K.Abhilash (Asst. Audit Officer, On 28-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 22-12-2021) | 1-9-4 |
| 13 | വസ്തുനികുതി, വാർഷിക കണക്ക്, സഞ്ചയ തുകകൾ പൊരുത്തപ്പെടുന്നില്ല<br>Written By: M.K.Abhilash (Asst. Audit Officer, On 29-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 29-12-2021) | 1-9-5 |
| 14 | രേഖകളുടെ പിൻബലമില്ലാതെ 3 കോടിയോളം രൂപയുടെ ഡിമാന്റ് ഒഴിവാക്കി<br>Written By: M.K.Abhilash (Asst. Audit Officer, On 29-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 29-12-2021) | 1-9-6 |
| 15 | തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം അക്കൗണ്ടുകൾ പരിപാലിക്കുന്നു<br>Written By: M.K.Abhilash (Asst. Audit Officer, On 11-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 26-12-2021) | 1-9-7 |

| | | |
|---|---|---|
| 16 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 28-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 29-12-2021) | 1-10 |
| 17 | വാടക യഥാസമയം പിരിച്ചെടുക്കുന്നില്ല<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 29-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 26-12-2021) | 1-11 |
| 18 | ആയുർവേദ ഡിസ്‌പെൻസറിക്ക് മരുന്ന് വാങ്ങൽ - ചെലവഴിച്ച തുകയ്ക്ക് പൂർണ്ണമായും മരുന്ന് ലഭിച്ചിട്ടില്ല<br>Written By: M.K.Abhilash (Asst. Audit Officer, On 05-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 26-12-2021) | 1-12 |
| 19 | ദുരന്ത ലഘൂകരണം - അവലോകനം<br>Written By: M.S.Rajeev (Audit Officer, On 31-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 22-12-2021) | 1-13 |
| 20 | ടാറിംഗ് പ്രവൃത്തികൾ - കാലി വീപ്പ വില ഈടാക്കിയില്ല<br>Written By: T.S.Dhanajayan (Audit Officer, On 31-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 29-12-2021) | 1-14 |
| 21 | തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ വർക്ക് - ഇ-ടെണ്ടറിൽ അംഗീകരിച്ച കരാറുകാരന് ടെണ്ടർ നൽകിയില്ല<br>Written By: Jomon Francis (Senior Grade Auditor, On 31-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 29-12-2021) | 1-15 |
| 22 | തുറസ്സായ കുടിവെള്ള കിണറുകൾ ശുചിത്വ കിണറുകളാക്കി മാറ്റുക (പട്ടിക വർഗം) - അധിക തുക നൽകി<br>Written By: Jomon Francis (Senior Grade Auditor, On 31-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 29-12-2021) | 1-16 |
| 23 | അംഗൻവാടികൾക്ക് പാചക പാത്രങ്ങൾ വാങ്ങൽ - ടെണ്ടറിനേക്കാൾ കൂടിയ നിരക്ക് നെഗോഷിയേഷനിലൂടെ നിശ്ചയിച്ച് വാങ്ങൽ നടത്തി<br>Written By: Jomon Francis (Senior Grade Auditor, On 31-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 29-12-2021) | 1-17 |
| 24 | ലൈഫ് ഭവനപദ്ധതി - സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കിയില്ല<br>Written By: Jomon Francis (Senior Grade Auditor, On 31-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 29-12-2021) | 1-18 |
| 25 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല<br>Written By: Jomon Francis (Senior Grade Auditor, On 31-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 22-12-2021) | 1-19 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | തുറസ്സായ കുടിവെള്ള കിണറുകൾ ശുചിത്വ കിണറുകളാക്കി മാറ്റുക (പട്ടിക വർഗം) - അധിക തുക നൽകി<br>Written By: Jomon Francis (Senior Grade Auditor, On 14-12-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 29-12-2021) | 3-1 |
| 2 | അംഗൻവാടികൾക്ക് പാചക പാത്രങ്ങൾ വാങ്ങൽ - ടെണ്ടറിനേക്കാൾ കൂടിയ നിരക്ക് നെഗോഷിയേഷനിലൂടെ നിശ്ചയിച്ച് വാങ്ങൽ നടത്തി<br>Written By: Jomon Francis (Senior Grade Auditor, On 10-11-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 29-12-2021) | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ | 4-1 |

| | | |
|---|---|---|
| | വിവരം<br>Written By: M.K.Abhilash (Asst. Audit Officer, On 30-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 22-12-2021) | |
| 2 | സംയുക്ത പദ്ധതികൾ 2020-21<br>Written By: Jomon Francis (Senior Grade Auditor, On 12-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 22-12-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾ<br>Written By: M.S.Rajeev (Audit Officer, On 31-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 22-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: T.S.Dhanajayan (Audit Officer, On 29-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 22-12-2021) | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: M.S.Rajeev (Audit Officer, On 31-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 29-12-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: M.S.Rajeev (Audit Officer, On 31-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 22-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 27-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 22-12-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 27-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 22-12-2021) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: T.T. Mohammed Fasil (Senior Grade Auditor, On 27-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 22-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: T.S.Dhanajayan (Audit Officer, On 29-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 29-12-2021) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Jomon Francis (Senior Grade Auditor, On 05-10-2021)<br>Last Updated By: L.K.Sujatha (Computer Assistant, On 22-12-2021) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

₹1,62,87,17/- മുന്നിരിപ്പും ₹16,31,54,000/- വരവും ₹16,38,46,000/- ചെലവും ₹9,36,717/- നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന 2020-21 വർഷത്തെ ബജറ്റ് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 13.03.2020-ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി 03.03.2020-ൽ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് ഫയൽ സൂക്ഷിക്കുകയോ നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും ബജറ്റ് നിർദ്ദേശങ്ങൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിന്റെ മുൻ വർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്തും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും ബജറ്റ് തയ്യാറാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 22.06.2021 | - | - |

## 1-3 ഫണ്ട് വിനിയോഗം

| ഇനം | | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 0 | 12137625 | 12137625 | 12125119 | 12506 |
| | പട്ടിക ജാതി വിഭാഗം | 0 | 832000 | 832000 | 832000 | 0 |
| | പട്ടിക വർഗ്ഗ വിഭാഗം | 0 | 112000 | 112000 | 112000 | 0 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ഉപാധി ഫണ്ട് | 0 | 4730000 | 4730000 | 1992575 | 2737425 |
| | ഉപാധിരഹിത ഫണ്ട് | 0 | 6803211 | 6803211 | 4181517 | 2621694 |
| മെയിന്റനൻസ് ഗ്രാന്റ് | റോഡ് | 0 | 11666000 | 11666000 | 11560058 | 105942 |
| മെയിന്റനൻസ് ഗ്രാന്റ് | റോഡിതരം | 0 | 3456681 | 3456681 | 2596561 | 860120 |
| ജനറൽ പർപ്പസ് ഫണ്ട് | | 0 | 7358520 | 7358520 | 7358520 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| മറ്റ് റവന്യൂ ഗ്രാന്റുകൾ | ആശ്രയ | | 0 | 1305500 | 1305500 | 1305500 | 0 |
| കേന്ദ്രാവിഷ്കൃതഫണ്ടുകൾ | എം. ജി. എൻ. ആർ. ഇ. ജി. എസ്. | ഭരണച്ചെലവ് | 4174 | 3209917 | 3214091 | 3207609 | 6482 |
| | | അവിദഗ്ദ തൊഴിലാളി കൂലി ചെലവ് | 0 | 36859141 | 36859141 | 36859141 | 0 |
| | | വിദഗ്ദ തൊഴിലാളി കൂലി ചെലവ് | 0 | 4508172 | 4508172 | 4508172 | 0 |
| | | മെറ്റീരിയൽ വർക്ക് | 0 | 31414379 | 31414379 | 31414379 | 0 |
| | ടോട്ടൽ സാനിട്ടേഷൻ | | 1008295 | 1793593 | 2801888 | 2203549 | 598339 |
| | ഐ.സി.ഡി.എസ്. | | 20544 | 552995 | 573539 | 530159 | 43380 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | കുടിവെള്ളം | | 0 | 23732 | 23732 | 0 | 23732 |
| | ലൈബ്രറി ഗ്രാന്റ് | | 0 | 14710 | 14710 | 14710 | 0 |
| | നിർമ്മൽ പുരസ്കാരം | | 69211 | 2149 | 71360 | 40090 | 31264 |
| | സാക്ഷരത | | 4434 | 0 | 4434 | 0 | 4434 |
| | പകർച്ചവ്യാധി | | 0 | 500000 | 500000 | 325726 | 174274 |
| | ജലനിധി | | 4063380 | 840451 | 4903831 | 2640498 | 2263333 |
| | ശുചിത്വ മിഷൻ | | 362774 | 0 | 362774 | 362774 | 0 |
| പഞ്ചായത്ത് ഫണ്ട് | ദുരിതാശ്വാസനിധി | | 2651 | 80 | 2731 | 0 | 2731 |
| മറ്റ് വകുപ്പ് | കില & ഇലക്ഷൻ | | 0 | 51888 | 51888 | 51888 | 0 |
| സംയുക്ത പദ്ധതികൾ | ബ്ലോക്ക് പഞ്ചായത്ത് | | 60620 | 1157500 | 1218120 | 357500 | 860620 |
| | ജില്ലാപഞ്ചായത്ത് | | 41784 | 3337500 | 3379284 | 537500 | 2841784 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകത

വികസന ഫണ്ട് (ജനറൽ, എസ്.സി.പി., ടി.എസ്.പി.) എന്നിവയുടെ ഗഡുക്കൾ അനുവദിച്ച വേളയിൽ അംഗനവാടി പ്രതിഫലം, കേരള ജല അതോറിറ്റി, ലൈഫ് മിഷൻ ലോൺ തിരിച്ചടവ് വിഹിതം എന്നിവ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിരുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവിൽ മേൽ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ചെലവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഫണ്ടുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

## 1-4 പദ്ധതി അവലോകനം

എ) പദ്ധതി രൂപീകരണം

ഗ്രാമ പഞ്ചായത്തിന്റെ തൻവർഷ വാർഷിക പദ്ധതി രൂപീകരണ ഘട്ടങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

| രൂപീകരണഘട്ടം | തീയതികൾ |
|---|---|
| വികസന സമിതി യോഗം | 10.01.2020 |
| പദ്ധതി രൂപീകരണ ഗ്രാമസഭ | 12.10.2020 മുതൽ 14.10.2020 വരെ |
| വികസനസെമിനാർ | 24.02.2020 |
| ഭരണാനുമതി/സാമ്പത്തിക അനുമതി | 29.02.2021 |

ബി) പദ്ധതി നിർവ്വഹണം

തൻ വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 183 | 87926265 | 116 | 44236961 | 13 | 54 | 70.49 |

**1.** ചെലവഴിച്ച വിവിധ ഫണ്ടുകളുടെ വിവരം

| ഇനം | | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 15015295 | 12125119 | 80.75 |
| | പട്ടിക ജാതി വിഭാഗം | 946627 | 832000 | 87.89 |
| | പട്ടിക വർഗ്ഗ വിഭാഗം | 112000 | 112000 | 100.00 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 10875000 | 6174092 | 56.77 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | 4463723 | 2747515 | 61.55 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | 1331488 | 514488 | 38.64 |
| തനത് ഫണ്ട് | | 3857201 | 1462128 | 37.91 |

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് | | 484000 | 357500 | 73.86 |
| ജില്ലാ പഞ്ചായത്ത് ഫണ്ട് | | 4731500 | 537500 | 11.36 |
| സംരക്ഷണ ഗ്രാന്റ് | റോഡ് | 18497760 | 11560058 | 62.49 |
| | റോഡിതരം | 4055271 | 2596561 | 64.03 |
| മറ്റ് ഗ്രാന്റ് | | 23556400 | 5218000 | 22.15 |
| ആകെ | | **87926265** | **44236961** | **50.31** |

2. <u>വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു</u>

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടിന്റെ എണ്ണം | അടങ്കൽ തുക ₹ | നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ എണ്ണം | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 3917000 | 4 | 2372739 | 60.58 |
| വെറ്ററിനറി സർജൻ | 5 | 2090000 | 5 | 1472573 | 70.46 |
| മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 300000 | 1 | 300000 | 100.00 |
| മെഡിക്കൽ ഓഫീസർ- സി.എച്ച്.സി. | 3 | 707400 | 2 | 554090 | 78.33 |
| മെഡിക്കൽ ഓഫീസർ- ആയുർവ്വേദം | 5 | 1250000 | 5 | 1250000 | 100.00 |
| എസ്.ഐ- ഫിഷറീസ് | 2 | 2196000 | 0 | 0 | 0.00 |
| വി.ഇ.ഒ. | 13 | 25877641 | 13 | 8205676 | 31.71 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 6 | 3820850 | 5 | 2926983 | 76.61 |
| സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | 33 | 10009292 | 23 | 6880715 | 68.74 |
| അസിസ്റ്റന്റ് എൻജിനീയർ | 90 | 30945880 | 53 | 17449502 | 56.39 |

| | | | | | |
|---|---|---|---|---|---|
| ഡയറി ഫാം ഇൻസ്പെക്ടർ | 3 | 4800000 | 3 | 1192800 | 24.85 |
| അസി.സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | 16 | 2012202 | 15 | 1631883 | 81.10 |
| ആകെ | 183 | 87926265 | 129 | 44236961 | 50.31 |

**3.** വിവിധ മേഖലകൾക്ക് വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ വിവരം താഴെ നൽകുന്നു

| ഫണ്ട് | മേഖല | പ്രോജക്റ്റിന്റെ എണ്ണം | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| പൊതു വിഭാഗം | ഉത്പാദനം | 16 | 13573000 | 5108743 | 37.64 |
| | സേവനം | 91 | 43681246 | 22039531 | 50.46 |
| | പശ്ചാത്തലം | 68 | 25130392 | 15190687 | 60.45 |
| പട്ടിക ജാതി വിഭാഗം | സേവനം | 5 | 5414627 | 1771000 | 32.71 |
| പട്ടിക വർഗ്ഗ വിഭാഗം | സേവനം | 3 | 127000 | 127000 | 100.00 |
| | ആകെ | **183** | **87926265** | **44236961** | **50.31** |

**4.** പ്രത്യേക ഘടക പദ്ധതികൾക്കായി വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ വിവരം താഴെ നൽകുന്നു

| ഘടകം | പ്രോജക്റ്റിന്റെ എണ്ണം | നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| വനിതാ ഘടകം | 2 | 1 | 1757000 | 350000 | 19.92 |
| കുട്ടികൾ | 1 | 1 | 25000 | 24554 | 98.22 |
| വൃദ്ധർ | 2 | 2 | 550000 | 550000 | 100.00 |
| ഭിന്നശേഷിക്കാർ | 5 | 5 | 1198185 | 849988 | 70.94 |
| മറ്റ് ദുർബല വിഭാഗം | 1 | 0 | 200000 | 0 | 0.00 |
| പാലിയേറ്റീവ് കെയർ | 2 | 2 | 682400 | 554090 | 81.20 |
| ആകെ | **13** | **11** | **4412585** | **2328632** | **52.77** |

സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 50.31 ശതമാനം മാത്രമാണ് ഗ്രാമപഞ്ചായത്ത് പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ചത് എന്ന് കാണുന്നു. പ്രാദേശിക വികസനത്തിന് ലഭ്യമാകുന്ന ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഫണ്ടിനം | | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ ലാപ്സായ തുക ₹ |
|---|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത പദ്ധതി | തൊഴിലുറപ്പ് പദ്ധതി (എസ്റ്റാബ്ലിഷ്മെന്റ്) | 4174 | 3209917 | 3214091 | 3207609 | 6482 |
| | തൊഴിലാളികളുടെ കൂലി | 0 | 72781692 | 72781692 | 72781692 | 0 |

## 1-6 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 3772000 | 183 |
| വിധവാ പെൻഷൻ | 7138700 | 432 |
| വാർദ്ധക്യ കാല പെൻഷൻ | 18493500 | 1479 |
| വികലാംഗ പെൻഷൻ | 2160500 | 111 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 327000 | 18 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.10.2021-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹25,989/-(ഇരുപത്തി അയ്യായിരത്തി തൊള്ളായിരത്തി എൺപത്തി ഒൻപത് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

1. ഓഫീസ് സംവിധാനം –

4 ക്ലർക്കുമാരും 3 സീനിയർ ക്ലർക്കുമാരും 2 ഓഫീസ് അറ്റൻന്റുമാരും 2 പാർട്ട് ടൈം സ്വീപ്പർമാരും 1 അക്കൗണ്ടന്റും 1 ഹെഡ് ക്ലാർക്കും 1 അസിസ്റ്റന്റ് സെക്രട്ടറിയും 1 സെക്രട്ടറിയും ഉൾപ്പെടുന്നതാണ് ഓഫീസ് ജീവനക്കാരുടെ പാറ്റേൺ. ഓഫീസ് ഓർഡർ പ്രകാരം കൃത്യമായ ജോലി വിഭജനംനടത്തിയിട്ടുണ്ട്.

2. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല.

3. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ രജിസ്റ്റർ, ക്യാഷ്ബുക്ക്, ആസ്തി രജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. പുതുതായി സൃഷ്ടിക്കുന്ന ആസ്തികളുടെ വിവരം ആസ്തി രജിസ്റ്ററുകളിൽ ഉൾപ്പെടുത്തുന്നില്ല. ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം പരിപാലിക്കേണ്ടതാണ്.

4. തെരുവ് വിളക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും കൃത്യത ഉറപ്പ് വരുത്തുന്നതിന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിക്കുന്നില്ല.

5. പദ്ധതികളും ഗുണഭോക്താക്കളെയും നിർദ്ദേശിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നതല്ലാതെ തുടർ മോണിട്ടറിംഗ് സ്റ്റാൻഡിംഗ് കമ്മിറ്റികൾ നടത്തുന്നില്ല. പ്രോജക്ടുകളുടെ വിലയിരുത്തൽ നടത്തുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് നടത്തുന്നില്ല.

ഫ്രണ്ട് ഓഫീസ് പ്രവർത്തനം

തപാലുകൾ കൃത്യമായി ഫ്രണ്ട് ഓഫീസിൽ നിന്ന് സൂചിക സോഫ്റ്റ് വെയറിൽ ഡിസ്ട്രിബ്യൂഷൻ നടത്തുന്നുണ്ട്. എന്നാൽ ബാക്ക് ഓഫീസിൽ ഫയലുകളുടെ നീക്കം കൃത്യമായി നടക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ സംവിധാനമില്ല. സൂപ്പർവൈസറി തലത്തിൽപെട്ടവർ ശരിയായ രീതിയിൽ മോണിട്ടറിംഗ് നടത്തുന്നില്ല.

ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ –

സൂചിക സോഫ്റ്റ് വെയറിൽ നിന്ന് പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്.

ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ –

ഓരോ ദിവസവും ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി ഏറ്റെടുക്കുന്നത് രേഖപ്പെടുത്തുന്ന രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നുണ്ട്.

ഫ്രണ്ട് ഓഫീസ് ഡയറി –

ഓരോ ദിവസവും നൽകേണ്ട സേവനങ്ങളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തുകയോ മേൽ പരിശോധന നടത്തുകയോ ചെയ്യുന്നില്ല.

## 1-9-1 വാർഷിക കണക്കുകളുടെ അപാകത

1) ലഭിക്കുന്ന ചെക്കുകളുടെയും ഡ്രാഫ്റ്റുകളുടെയും വിവരങ്ങൾ എഴുതി സൂക്ഷിക്കുന്നില്ല.

2) അസറ്റ് ഇല്ലാത്ത താഴെ പരാമർശിക്കുന്ന ഇനങ്ങളിൽ ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം | ഹെഡ് | ഡിപ്രിസിയേഷൻ ₹ |
|---|---|---|
| 1 | 411310101 Sewerage & Drainage | 158000 |
| 2 | 411320101 Waterways | 622080 |
| 3 | 411400101 Plant & Mechinery | 422174 |

3) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4) തൻവർഷം ₹3,14,16,414/- വായ്പയിനത്തിൽ നീക്കിയിരിപ്പുള്ളതിൽ ₹26,00,374/- മാത്രമേ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-16ൽ അസറ്റായി ഉൾപ്പെടുത്തിയിട്ടുള്ളൂ.

## 1-9-2 വിവിധ ഉദ്ദേശ്യ ഫണ്ടുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ബാലൻസ് ഷീറ്റ് പ്രകാരം 31.03.2021-ൽ ചുവടെ കൊടുത്തിരിക്കുന്ന ഹെഡുകളിൽ നീക്കിയിരിപ്പ് ഉണ്ട്.

| ക്രമ നം | ഹെഡ് | ഫണ്ടിനം | നീക്കിയിരിപ്പ് തുക ₹ |
|---|---|---|---|
| 1 | 320100115 | സമ്പൂർണ്ണ ശുചിത്വം | 598339 |
| 2 | 320100121 | ഐ.സി.ഡി.എസ് | 43380 |
| 3 | 320200309 | സാക്ഷരത മിഷൻ | 4434 |
| 4 | 320200317 | കുടിവെള്ളം | 23732 |
| 5 | 320200324 | പകർച്ചവ്യാധി നിയന്ത്രണം | 174274 |
| 6 | 320300102 | ജലനിധി | 2263333 |

| | | | |
|---|---|---|---|
| 7 | 320700204 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 120620 |
| | 320700404 | | 740000 |
| 8 | 320700205 | ജില്ലാ പഞ്ചായത്ത് വിഹിതം | 2841784 |

വിവിധ പ്രോജക്ടുകൾക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, വകുപ്പുകൾ, മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ തുടങ്ങിയവ വിവിധ വർഷങ്ങളിൽ അനുവദിച്ച തുകയാണ് ചെലവഴിക്കാതെ പഞ്ചായത്ത് വിവിധ അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്നത്. തുക ചെലവഴിക്കുകയോ പ്രസ്തുത പദ്ധതികൾ പൂർത്തിയായതാണെങ്കിൽ അതാത് ഏജൻസികളിലേക്ക് തിരികെ അടവാക്കുകയോ ചെയ്യേണ്ടതാണ്.

സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31-ന് സംയുക്ത പ്രോജക്ടിന്റെ തുക നിക്ഷേപിക്കുന്ന സ്പെഷൽ ടി.എസ്.ബി. അക്കൗണ്ടിലെ ചെലവുകൾ ധനകാര്യ വകുപ്പിന്റെ 23.01.2017-ലെ സ.ഉ(അ)7/2017 നമ്പർ ഉത്തരവിലെ നിർദ്ദേശാനുസരണം ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കിഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ സ്പെഷൽ ടി.എസ്.ബി. അക്കൗണ്ട് ഉണ്ടെങ്കിലും സംയുക്ത പദ്ധതികൾക്കുള്ള തുക നിക്ഷേപിച്ചിരിക്കുന്നത് ബാങ്കിൽ ആണ്.

ധനകാര്യ വകുപ്പിന്റെ 03.07.2018-ലെ സ.ഉ(അ)100/2018, 24.01.2019-ലെ സ.ഉ(അ)7/2019 ഉത്തരവുകൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ഫണ്ട് കൈമാറുന്ന രീതി നിർത്തലാക്കുകയും പകരം 01.04.2019 മുതൽ അലോട്ട്മെന്റ് രീതി അവലംബിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ നീക്കിയിരിപ്പ് തുക ജില്ലാപഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും മുൻ വർഷങ്ങളിൽ ലഭിച്ച തുകകളാണെന്ന് വ്യക്തമാണ്. ലഭിച്ച തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നത് ക്രമവിരുദ്ധമാണ്. ആയത് പുനഃക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-9-3 ബാലൻസ് ഷീറ്റ് ബി-5 ഷെഡ്യൂൾ, ബി-16 ഷെഡ്യൂൾ എന്നിവ പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് ബി-5 ഷെഡ്യൂൾ പ്രകാരമുള്ള ബാലൻസ് ₹3,14,16,414/-ആയിരിക്കെ ബി-16 ഷെഡ്യൂൾ പ്രകാരമുള്ള ബാലൻസ് ₹26,00,374/- ആണ്. പ്രസ്തുത വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-9-4 ധനവ്യയം ക്രമപ്രകാരമല്ല - ബാധ്യത ആയി നിൽക്കുന്ന 8 ലക്ഷത്തിലധികം രൂപ ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നില്ല

വിവിധ ഉദ്ദേശ്യങ്ങൾക്ക് പഞ്ചായത്തിന് ലഭിച്ചതിൽ ബാക്കി നിൽക്കുന്ന ഗ്രാന്റ് തുകയും വിവിധ ഡെപ്പോസിറ്റ് തുകയും മറ്റ് ബാധ്യത തുകയും പൂർണ്ണമായി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നില്ല എന്ന് കാണുന്നു.

| ക്രമ നം. | ഷെഡ്യൂൾ | ഇനം | നീക്കിയിരിപ്പ് തുക ₹ |
|---|---|---|---|
| 1 | ഷെഡ്യൂൾ ബി-4 | ഗ്രാന്റ് & കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക് പർപ്പസ് | 8396704 |

| | | | |
|---|---|---|---|
| 2 | ഷെഡ്യൂൾ ബി-7 | ഡെപ്പോസിറ്റ് | 1186958 |
| 3 | ഷെഡ്യൂൾ ബി-9 | മറ്റ് ബാധ്യതകൾ | |
| | | VAT | 55347 |
| | | KCWWF | 1246 |
| | | L.C | 10887 |
| | | VAT | 3150 |
| | | CGST | 29630 |
| | | SGST | 29630 |
| | | FOOD CESS | 3574 |
| | | ആകെ | 9717126 |

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-17 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വിവിധ അക്കൗണ്ടുകളിലായി നീക്കിയിരിപ്പായി അവശേഷിക്കുന്നത് ₹89,09,894/- മാത്രമാണ്. ₹8,07,232/- (9717126-8909894)യുടെ വ്യത്യാസം യഥാർത്ഥ നീക്കിയിരിപ്പിൽ കാണുന്നു. പ്രസ്തുത തുക വകമാറ്റി ചെലവഴിച്ചതായി കണക്കാക്കുന്നു. ധനവ്യയത്തിൽ വേണ്ടത്ര നിയന്ത്രണം പാലിക്കാതെ ചെലവഴിക്കുന്നതിനാലാണ് ബാധ്യത തുക പോലും നീക്കിയിരിപ്പ് ഇല്ലാതെ അവശേഷിച്ചത്. ഇത്തരത്തിൽ തുക വകമാറ്റി ചെലവഴിച്ചതിന് കാരണം വിശദീകരിക്കേണ്ടതാണ്.

## 1-9-5 വസ്തുനികുതി, വാർഷിക കണക്ക്, സഞ്ചയ തുകകൾ പൊരുത്തപ്പെടുന്നില്ല

തൻ വർഷം 100% വസ്തു നികുതി പിരിവ് നടത്തിയ ഗ്രാമപഞ്ചായത്ത് ആണിത്. എന്നാൽ സാംഖ്യ-സഞ്ചയ കണക്കുകൾ താഴെ പരാമർശിക്കും പ്രകാരം വ്യത്യാസപ്പെടുന്നു.

| | | സാംഖ്യ | | | സഞ്ചയ | | |
|---|---|---|---|---|---|---|---|
| | | ഡിമാന്റ് ₹ | കളക്ഷൻ ₹ | ബാലൻസ് ₹ | ഡിമാന്റ് ₹ | കളക്ഷൻ ₹ | ബാലൻസ് ₹ |
| പാർപ്പിടം | തൻവർഷം | 1892202 | 1892202 | 0 | 2464724 | 2464724 | 0 |
| | മുൻവർഷം | 616776 | 647614 | 0 | 175166 | 173685 | 1481 |
| പാർപ്പിടേതരം | തൻവർഷം | 1572220 | 1572220 | 0 | 1065227 | 105429 | 4798 |
| | മുൻവർഷം | 2386495 | 250582 | 0 | 160114 | 140073 | 20041 |

ഇത്തരത്തിൽ വ്യതിയാനം വന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-9-6 രേഖകളുടെ പിൻബലമില്ലാതെ 3 കോടിയോളം രൂപയുടെ ഡിമാന്റ് ഒഴിവാക്കി

തൻവർഷം രേഖകളുടെ പിൻബലമില്ലാതെ 3 കോടിയോളം രൂപയുടെ ഡിമാന്റ് ഒഴിവാക്കി. വിശദാംശം താഴെ പരാമർശിക്കുന്നു.

| കോഡ് | ഇനം | തുക ₹ |
|---|---|---|

| | | |
|---|---|---|
| 280100101 | Prior Period Income- Property Tax On Residential Buildings | 410632 |
| 280100104 | Prior Period Income- Property Tax On Non Residential Buildings | 2280907 |
| 280200401 | Prior Period Income- Other Incomes | 25849773 |
| 280200201 | Prior Period Income- Recovery Of Revenues Written Off-Rent | 119627 |
| | ആകെ | 28660939 |

വസ്തു നികുതിയിനത്തിൽ 27 ലക്ഷത്തോളം രൂപയുടെ ഡിമാന്റ് ഒഴിവാക്കിയാണ് ഗ്രാമപഞ്ചായത്ത് 100% നികുതി പിരിവ് നടത്തിയതെന്നുള്ള കാര്യം കൗതുകകരമാണ്. അദർ ഇൻകം എന്ന ഹെഡിൽ 2 കോടി 58 ലക്ഷത്തിൽപ്പരം രൂപയും ഒഴിവാക്കിയിട്ടുണ്ട്. ഡിമാന്റ് ഒഴിവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം:8/29-10-2021) മറുപടി ലഭ്യമാക്കിയില്ല. ഇത്തരത്തിൽ ഡിമാന്റിൽ നിന്നും രേഖകളുടെ പിൻബലമില്ലാതെ തുക ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-9-7 തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം അക്കൗണ്ടുകൾ പരിപാലിക്കുന്നു

ഗ്രാമ പഞ്ചായത്തിലെ തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം അക്കൗണ്ടുകൾ പരിപാലിക്കുന്നുണ്ട്. വിശദാംശം താഴെ നൽകുന്നു.

| ക്രമ നം | ബാങ്ക് | **31.03.2021**-ലെ നീക്കിയിരിപ്പ് |
|---|---|---|
| 1 | യൂണിയൻ ബാങ്ക് – 405 | 219727 |
| 2 | സർവ്വീസ് സഹകരണ ബാങ്ക് | 987653 |
| 3 | എൽ-ബി.റ്റി-എസ്.ബി | 2113625 |
| 4 | എസ്.ബി.റ്റി-ഇ പെയ്മെന്റ് | 2800280 |
| 5 | സർവ്വീസ് സഹകരണ ബാങ്ക് – 2 | 0 |
| 6 | സർവ്വീസ് സഹകരണ ബാങ്ക് – 3 | 0 |

തനത് വരുമാനം നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ അഭികാമ്യമല്ല. തദ്ദേശ സ്വയം ഭരണ

വകുപ്പിന്റെ 26.05.2011-ലെ 58725/എഫ്.എം3/2008 നമ്പരായുള്ള സർക്കുലറിലെ നിർദ്ദേശാനുസരണം ട്രഷറി അക്കൗണ്ടിന് പുറമേ ഒരു ദേശസാൽകൃത/സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രം തനത് ഫണ്ട് നിക്ഷേപിക്കേണ്ടതാണ്.

## 1-10 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം താഴെ വിവരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെന്ന് കാണുന്നു.

| ക്രമ നം. | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് അപേക്ഷ പ്രകാരം സ്ഥാപനത്തിലെ ആകെ ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 69 | R.M.C ക്ലിനിക്ക് | 10 |
| 2 | 205 | ശ്രീ ഗോകുലം ചിറ്റ് ആന്റ് ഫിനാൻസ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ് | 5 |

ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക ഈടാക്കേണ്ടതാണ്. തൊഴിൽ നികുതി ഈടാക്കേണ്ട സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ അടങ്ങിയ രജിസ്റ്റർ/ലിസ്റ്റ് കൃത്യമായി തയ്യാറാക്കി, ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിൽ വീഴ്ചയുണ്ടാവുന്നു. തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറിക്ക് (നം. 06/28.10.2021) മറുപടി ലഭ്യമാക്കിയില്ല.

## 1-11 വാടക യഥാസമയം പിരിച്ചെടുക്കുന്നില്ല

വാടക രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ 2020-21 സാമ്പത്തിക വർഷത്തിൽ ₹30,911/- പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാടകക്കാരന്റെ പേര് | കടമുറി നമ്പർ | പ്രതിമാസ വാടക (₹) | കുടിശ്ശിക വരുത്തിയ കാലയളവ് | പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക ₹ | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | ശ്രീ. ജിനു സി. എസ്. | പഴയ മാർക്കറ്റ്-1 | 954 | 08/2020 മുതൽ 01/2021 വരെ | 5724 | (₹954×6മാസം) |
| 2 | ശ്രീ. ഉല്ലാസ് | ഷോപ്പിംഗ് കോപ്ലക്സ്-2 | 1045 | 01/2021 | 1045 | (₹1045×1മാസം) |
| 3 | ഉദയശ്രീ സ്വയം സഹായ സംഘം | ഷോപ്പിംഗ് കോപ്ലക്സ്-3 | 1709 | 11/2020 മുതൽ 03/2021 വരെ | 8545 | (₹1709×5മാസം) |
| 4 | ശ്രീ. ജോബി പീറ്റർ | ഷോപ്പിംഗ് കോപ്ലക്സ്-10 | 1733 | 07/2020 മുതൽ 03/2021 വരെ | 15597 | (₹1733×9മാസം) |

| | | | | | | |
|---|---|---|---|---|---|---|
| | | | | ആകെ | 30911 | |

രജിസ്റ്റർ പ്രകാരം ₹30,911/- കുടിശ്ശികയുണ്ട്, എന്നാൽ 2020-21-ലെ വാർഷിക ധനകാര്യ പത്രിക (B-15) പ്രകാരം വാടക ഇനത്തിലെ തൻവർഷ കുടിശ്ശിക ₹14,317/-യാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്. പ്രസ്തുത പത്രിക പ്രകാരം മുൻ കുടിശ്ശിക ₹28,824/-യാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാടകക്കാരന്റെ പേര് | പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക ₹ |
|---|---|---|
| 1 | ശ്രീ. രജ്ഞിത് കുമാർ | 14000 |
| 2 | ശ്രീ. ജോബി പീറ്റർ | 4950 |
| 3 | ശ്രീ. എം. പി. സദാശിവൻ | 1000 |
| 4 | ശ്രീ. അമ്പിളി ഉല്ലാസ് | 2735 |
| 5 | ശ്രീ. മധു എം.സി. | 6139 |
| | ആകെ | 28824 |

മുൻവർഷങ്ങളിലേത് ഉൾപ്പെടെ ₹59,735/- (30911+28824) പിഴപ്പലിശ 18% ജി.എസ്.ടി, ഫ്ലഡ് സെസ്സ് (ജൂലൈ-31, 2021 വരെ) എന്നിവ ഉൾപ്പെടെ പിരിച്ചെടുക്കാൻ സത്വര തുടർ നടപടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 07/28.10.2021) മറുപടി ലഭ്യമാക്കിയില്ല.

## 1-12 ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - ചെലവഴിച്ച തുകയ്ക്ക് പൂർണ്ണമായും മരുന്ന് ലഭിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, ആയുർവേദം |
| പദ്ധതി നം. | 42/2021 |
| പദ്ധതി | ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹5,00,000/- (മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| ബിൽ നം, തീയതി& തുക | 5/2020-21, തീ. 06.11.2020 തുക ₹2,20,000/- |

ഗ്രാമപഞ്ചായത്തിലെ ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിന് വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്. പദ്ധതി പ്രകാരം തൃശ്ശൂർ ആയുർധാരാ ഫാർമസ്യൂട്ടിൽസിന്റെ 03.10.2020 ORGove0000194 നമ്പരായുള്ള പ്രൊഫോർമ പ്രകാരം ₹2,20,000/- ആയുർധാരയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും (FDRL 0001368 A/c 13680200002495,തീ:04.11.2020) താഴെ പരാമർശം പ്രകാരം ₹2,12,569/- യുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്.

| ക്രമ നം. | ഇൻവോയ്സ് നം./തീയതി | മരുന്നിന്റെ വില ₹ |
|---|---|---|
| 1 | G000514 15.03.2021 | 145600 |
| 2 | ORGove0000194 14.07.2021 | 66969 |

| | | |
|---|---|---|
| | ആകെ | 212569 |
| ബാക്കി | | 7431 |

ക്രമ നം. 2 ആയി ഫയലിൽ സൂക്ഷിച്ചിരിക്കുന്നത് Taxinvoice അല്ല. പ്രൊഫോർമ ഇൻവോയ്സ് മാത്രമാണ്. ലഭിച്ച മരുന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. ₹7,431/-യുടെ മരുന്നുകൾ ആയുർധാരയിൽ നിന്നും ലഭ്യമാക്കി സ്റ്റോക്കിൽ രേഖപ്പെടുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 ദുരന്ത ലഘൂകരണം - അവലോകനം

ലോകത്തെ ആകമാനം ബാധിച്ച കോവിഡ് മഹാമാരിയെ ഫലപ്രദമായി നേരിടുന്നതിനും പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മാതൃകാപരമായ പ്രവർത്തനങ്ങളാണ് രാജാക്കാട് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചത്. യഥാസമയം തന്നെ രോഗ നിർണ്ണയം നടത്തുന്നതിനും രോഗികളെ കോവിഡ് കെയർ സെന്ററുകളിലേക്ക് എത്തിച്ച് വേണ്ട പരിചരണം ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി CFLTC സജ്ജീകരിച്ചിരുന്നുവെങ്കിലും ആരെയും പ്രവേശിപ്പിക്കേണ്ടി വന്നിട്ടില്ല. രോഗികളുടെ ഹോം ക്വാറന്റൈനിലായ ബന്ധുക്കൾ, കോവിഡ് വോളന്റിയർമാർ തുടങ്ങിയവരുടെ ഭക്ഷ്യ ആവശ്യങ്ങൾ പരിഹരിക്കുന്നതിനായി കമ്മ്യൂണിറ്റി കിച്ചൺ സ്ഥാപിക്കുന്നതിന് ₹36,683/- ചെലവഴിച്ചിട്ടുണ്ട്. ലോക്ക്ഡൗൺ അവസാനിച്ച മുറയ്ക്ക് പഞ്ചായത്തിൽ ഒരു ജനകീയ ഹോട്ടൽ സ്ഥാപിക്കുകയുമുണ്ടായി. ജനകീയ ഹോട്ടലിന്റെ നടത്തിപ്പിനായി വാടകയും വൈദ്യുതി ചാർജ്ജും ഗ്രാമ പഞ്ചായത്താണ് നല്കി വരുന്നത്. കൂടാതെ സിവിൽ സപ്ലൈസ് വകുപ്പ് മുഖേന ₹10.50 സബ്സിഡി നിരക്കിൽ അരിയും ലഭിച്ചിട്ടുണ്ട്. ലഭ്യമാക്കിയ കണക്കുകൾ പ്രകാരം കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷം ചെലവഴിച്ച തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| | |
|---|---|
| ഹെൽപ് ഡെസ്ക്/വാർ റൂം പ്രവർത്തനം | ₹428291 |
| FLTC സ്ഥാപിക്കൽ | ₹276000 |
| മരുന്ന്, ഭക്ഷണം, വാടക, പ്രതിരോധ പ്രവർത്തനങ്ങൾ. | ₹378216 |
| കമ്മ്യൂണിറ്റി കിച്ചൺ | ₹36683 |
| ആകെ | ₹1119190 |

രോഗികൾക്കും കുടുംബാംഗങ്ങൾക്കും വേണ്ട സേവനങ്ങൾ പ്രദാനം ചെയ്യുന്നതിന് ശ്രീമതി ജ്യോതിലക്ഷ്മി, ഹെഡ് ക്ലാർക്ക്, ചെയർമാനായും ശ്രീ. ശ്രീജിത്ത് ജി., നോഡൽ ഓഫീസർ/കൺവീനറായും ആരംഭിച്ച ഹെൽപ്പ് ഡെസ്ക് സേവനം തുടരുന്നു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഗ്രാമ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും RAPID RESPONSE TEAM മെമ്പേഴ്സിനെ പ്രാഥമിക ആരോഗ്യ കേന്ദ്രം വഴി പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്.

ഡയാലിസിസ് ചെയ്യുന്നവർ, അർബുദ രോഗികൾ, ഇതര ഗുരുതര രോഗബാധിതർ എന്നിവർക്ക് മരുന്ന് വാങ്ങി നൽകുന്നതിന് വികസന ഫണ്ട്, തനത് ഫണ്ട്, റോഡിതര മെയിന്റനൻസ് ഗ്രാന്റ് എന്നിവ ഉപയോഗിച്ച് പ്രോജക്ട് ഏറ്റെടുത്തിട്ടില്ല എങ്കിലും ബഹുജന പങ്കാളിത്തത്തോടെ അവർക്ക് ജീവൻ രക്ഷാമരുന്ന് എത്തിച്ച നൽകാൻ കഴിഞ്ഞിട്ടുണ്ട്. കോവിഡ് 19 ധനസഹായമായി തുകയൊന്നും ലഭ്യമായിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ തരിശു ഭൂമി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ₹2213370/- ചെലവഴിച്ച് 2 പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്.

## 1-14 ടാറിംഗ് പ്രവൃത്തികൾ - കാലി വീപ്പ വില ഈടാക്കിയില്ല

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് 2016-ലെ ഡെൽഹി ഷെഡ്യൂൾ നിരക്ക് അടിസ്ഥാനമാക്കി പ്രൈസ് (PRICE) സോഫ്റ്റ് വെയറിലാണ്. ഇതിൽ തയ്യാറാക്കിയിരിക്കുന്ന താഴെ സൂചിപ്പിക്കുന്ന ടാറിംഗ് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ Packed Bitumin-ന്റെ നിരക്കാണ് നൽകിയിട്ടുള്ളത്. ആകയാൽ കരാറുകാരന് അധിക ലാഭമുണ്ടാകുന്നത് ഒഴിവാക്കുന്നതിനായി കാലിവീപ്പയുടെ മൂല്യം ഫൈനൽ ബില്ലിൽ നിന്ന് കുറവ് ചെയ്യാൻ സർക്കാർ നിർദ്ദേശമുള്ളതാണ്. എന്നാൽ ചുവടെ ചേർക്കുന്ന റീ-ടാറിംഗ് പ്രോജക്ടുകളുടെ ബില്ലിൽ നിന്ന് പ്രസ്തുത തുക ഈടാക്കിയില്ല.

പ്രോജക്ട്

| ക്രമ നം. | പ്രോജക്ട് | കരാറുകാരൻ/ എഗ്രിമെന്റ് നം. | ബിൽ നം., തീയതി, തുക ₹ | ഉപയോഗിച്ച ബിറ്റുമിന്റെ ഇനം | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് (Kg) | കാലിവീപ്പ യുടെ എണ്ണം |
|---|---|---|---|---|---|---|
| 1 | പാറമട വള്ളക്കട റോഡ് പ്രോജക്ട് നം. 122/21 പ്രോജക്ട് നം. 73/20 അളവ് ബുക്ക് നം.176/19 ഫണ്ടിനം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ഷാജി ജോസഫ് 17/AE/LSGD/ RKD/19-20 തീ.16.11.2019 | 20100752011700126615/ 11.04.2020 ₹90,000/- 20100752011700126615/ 11.04.2020. ₹6,50,162/- | Ss-1 | 663 | 4 |
| | | | | RS-1 | 214 | 1 |
| | | | | S-65 (VG-30) | 1566 | 10 |
| 2 | മറ്റത്തിൽ സോമൻ ഭാഗം മുതൽ മുല്ലവള്ളിതകിയേൽ ലൈല കരുണാകരൻ ഭാഗം വരെ റീടാറിംഗ് പ്രോജക്ട് നം. 123/21 പ്രോജക്ട് നം.73/20 അളവ് ബുക്ക് നം.176/19 പ്രോജക്ട് നം.74/20 അളവ് ബുക്ക് നം.316/19 ഫണ്ടിനം മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | ഷാജി ജോസഫ് 28/AE/LSGD/ RKD/19-20 തീ. 17.01.2020 | 19100752011701383779/ 29.02.2020 ₹4,14,873/- 19100752011701324748/ 22.02.2020 ₹2,60,443/- | RS-1 | 229 | 1 |
| | | | | S-65 (VG-30) | 1998.2 | 13 |

ഒരു കാലിവീപ്പയുടെ മൂല്യം = ₹238 + 18% GST

കരാറുകാരനിൽനിന്ന് ഈടാക്കേണ്ട 29 വീപ്പകളുടെ മൂല്യം = 29x238 = ₹6,902/-

ബാധകമായ GST = (238 X 18%) X 29 = ₹1,242/-

ആകെ = ₹8,144/- ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്

(നം. 9/30.10.2021) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ധനകാര്യ വകുപ്പിന്റെ 12.04.2006-ലെ ജി.ഒ(പി)നം. 177/2006 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 10, തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 30.10.2007-ലെ 59827/FM/07 നമ്പർ സർക്കുലർ എന്നിവ പ്രകാരം കാലിവീപ്പകളുടെ മൂല്യമായി ഈടാക്കുന്ന തുകകൾ പ്രോജക്ടിന് വേണ്ടി വകയിരുത്തിയ ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണ്. കാലിവീപ്പകളുടെ മൂല്യം കരാറുകാരനിൽ നിന്നോ ബില്ലിൽ നിന്ന് ഈടാക്കുന്നതിൽ വീഴ്ച വരുത്തിയ അസി. എൻജിനിയറിൽ നിന്നോ ഈടാക്കി അതത് ഫണ്ടിന്റെ ശീർഷകത്തിലും GST തുക അതിന്റെ ശീർഷകത്തിലും ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-15 തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ വർക്ക് - ഇ-ടെണ്ടറിൽ അംഗീകരിച്ച കരാറുകാരന് ടെണ്ടർ നൽകിയില്ല

തൊഴിലുറപ്പ് പദ്ധതിയുടെ മെറ്റീരിയൽ പ്രവൃത്തികൾക്കായി സാധന സാമഗ്രികൾ ലഭ്യമാക്കുന്നതിനായി ടെണ്ടർ ഐ.ഡി. 2019_DP_292023_1 (Tender Ref No. ET01/RKDGP/19-20) പ്രകാരം ഇ-ടെണ്ടർ ക്ഷണിച്ചതിൽ താഴെ പറയുന്ന ടെണ്ടറുകൾ ലഭിച്ചു. ഈ ടെണ്ടർ പ്രകാരമുള്ള ചെലവുകൾ നടന്നിരിക്കുന്നത് 2020-21-ലാണ്.

| | | |
|---|---|---|
| 1. | ജോമോൻ ജോസഫ് | ₹45752074.31 |
| 2. | കൈരളി ഏജൻസീസ് | ₹48996488.80 |
| 3. | ഡെറിൻ ഏജൻസീസ് | ₹50572607.68 |
| 4. | പ്രൈം കൺസ്ട്രക്ഷൻസ് | ₹51144744.52 |
| 5. | പി സി ജോർജ് | ₹51724053.92 |

ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ജോമോൻ ജോസഫിന്റെ ഇ-ടെണ്ടർ, സൈറ്റിലും പ്രാഥമിക കരാറിലും സ്വീകർത്താവിന്റെ മേൽവിലാസത്തിൽ വ്യത്യാസമുള്ളതിനാൽ 27-09-2019-ലെ 3(5) കമ്മറ്റി തീരുമാനപ്രകാരം നിരസിക്കാനും റീ ടെണ്ടർ ക്ഷണിക്കാനും തീരുമാനിച്ചു. പ്രാഥമിക കരാറിലുള്ള അപാകത ടെണ്ടറിൽ പങ്കെടുത്ത പ്രൈം കൺസ്ട്രക്ഷൻസ് എന്ന സ്ഥാപനമാണ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയത് എന്നത് ശ്രദ്ധേയമാണ്.

പിന്നീട് റീ ടെണ്ടർ നടത്തിയതിൽ (2019_DP_306022_1 (Tender Ref. No. ET01/RKDGP/19-20) താഴെപ്പറയുന്ന വ്യക്തികൾ ടെണ്ടർ സമർപ്പിച്ചു.

| | | |
|---|---|---|
| 1. | കൈരളി ഏജൻസീസ് | ₹36705931.00 |
| 2. | ഡെറിൻ ഏജൻസീസ് | ₹38278616.00 |
| 3. | പ്രൈം കൺസ്ട്രക്ഷൻസ് | ₹39145870.00 |
| 4. | ജോമോൻ ജോസഫ് | ₹39606200.00 |

| | | |
|---|---|---|
| 5. | സജിമോൻ ഒ. എസ്. | ₹42864625.05 |
| 6. | പി. സി. ജോർജ് | ₹43657325.25 |

കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കൈരളി ഏജൻസീസ്, മരിയാപുരം എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെടുന്നതിന് 03-10-2019 ലെ 3(2) നമ്പർ കമ്മറ്റി തീരുമാന പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തി.

ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കൈരളി ഏജൻസീസ് ₹18,00,000/-ൽ അധികം സെക്യൂരിറ്റി ഡെപ്പോസിറ്റായി ഒടുക്കേണ്ടി വരുമെന്നും അഞ്ച് ലക്ഷത്തിൽ കുറയാത്ത തുക സെക്യൂരിറ്റി ഡെപ്പോസിറ്റായി നൽകുന്നതിന് അനുമതി തരണമെന്നും അപേക്ഷിച്ചു. ഇതിനെ തുടർന്ന് 25-11-2019-ലെ കമ്മിറ്റി തീരുമാനം 3(3) പ്രകാരം ₹5,00,000/- ആയി കുറവ് ചെയ്യുന്നതിന് തീരുമാനിച്ച് കരാറിൽ ഏർപ്പെടുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി. കൈരളി ഏജൻസീസ് എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടു.

എന്നാൽ, കൈരളി ഏജൻസീസും (കരാറിൽ ഏർപ്പെട്ടതിന് ശേഷം) രണ്ടാമത്തെ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഡെറിൻ ഏജൻസീസും മെറ്റീരിയലുകൾ സപ്ലൈ ചെയ്യുന്നതിന് സാധിക്കുകയില്ല എന്ന് 16-03-2019-ൽ അറിയിച്ചു. തുടർന്ന് 16-03-2019-ലെ തന്നെ അടിയന്തിര കമ്മിറ്റി (തീരുമാനം നമ്പർ 1-1) സാമ്പത്തിക വർഷം അവസാനിക്കുന്നതിന് 15 ദിവസം മാത്രമാണ് അവശേഷിക്കുന്നത് എന്നതിനാൽ ഇനിയൊരു റീ ടെണ്ടറിന് പോകേണ്ടതില്ലായെന്ന് ഐക്യകണ്ഠേന അഭിപ്രായപ്പെട്ടു. സെക്രട്ടറിയുടെ വിയോജന കുറിപ്പോടെ മൂന്നാമത്തെ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ പ്രൈം കൺസ്ട്രക്ഷൻസ് എന്ന സ്ഥാപനവുമായി നെഗോഷിയേഷൻ നടത്തുന്നതിന് തീരുമാനിച്ചു.

പ്രൈം കൺസ്ട്രക്ഷൻസ് സമർപ്പിച്ച നെഗോഷിയേൻ സ്റ്റേറ്റ്മെന്റിൽ ₹3,73,45,713/- മെറ്റീരിയൽ വിതരണത്തിനായി ക്വോട്ട് ചെയ്തു. ഈ തുക കൈരളി ഏജൻസീസ് നൽകിയ ടെണ്ടർ തുകയും തമ്മിൽ വ്യത്യാസമുള്ളതിനാൽ ആയത് പഞ്ചായത്തിന്റെ ബാദ്ധ്യതയായി വരുമെന്ന് സെക്രട്ടറി കമ്മിറ്റിയെ ബോദ്ധ്യപ്പെടുത്തി. 2019-20 വർഷം തന്നെ പദ്ധതി പൂർത്തിയാക്കേണ്ടതിനാൽ 18-03-2020-ലെ 1(1) നമ്പർ കമ്മിറ്റി തീരുമാന പ്രകാരം മൂന്നാമത്തെ കുറഞ്ഞ ടെണ്ടർ രേഖപ്പെടുത്തിയ പ്രൈം കൺസ്ട്രക്ഷൻസ് എന്ന സ്ഥാപനവുമായി ₹1,00,000/- മാത്രം സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കി കരാറിൽ ഏർപ്പെടുന്നതിന് തീരുമാനിച്ചു.

പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ സംഭവിച്ചു.

1. തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ വർക്ക് സംബന്ധിച്ച സർക്കാർ ഉത്തരവ് (കൈ)നം.93/2012/എൽ.എസ്.ജി.ഡി., തീയതി 31.03.2012 പ്രകാരം റേറ്റിന്റെ 2.5% ഇ.എം.ഡി ഈടാക്കണമെന്നിരിക്കെ ₹50,000/- ആണ് ദർഘാസ് പരസ്യത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2. ആദ്യ ടെണ്ടർ നിസ്സാരമായ കാരണങ്ങളാൽ ഒഴിവാക്കി. വീണ്ടും ടെണ്ടർ നടത്തിയതിനാൽ യഥാസമയം നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് സാധിച്ചില്ല.

3. ടെണ്ടർ വാല്യൂ ആയി ₹4,61,00,000/- ആണ് ടെണ്ടർ വെബ്സൈറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നത്. കൈരളി ഏജൻസീസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ ആദ്യം തന്നെ അംഗീകരിച്ചതിനാൽ മറ്റ് ബിഡ്ഡേഴ്സിന്റെ ഇ.എം.ഡി. തുക തിരികെ ഇലക്ട്രോണിക് ട്രാൻസ്ഫർ ആയി. ക്രമ നം. (1) പ്രകാരമുള്ള സർക്കാർ ഉത്തരവ് പ്രകാരം 2.5% ഇ.എം.ഡി. ദർഘാസ് പരസ്യത്തിലുൾപ്പെടുത്തി ഈടാക്കിയിരുന്നുവെങ്കിൽ ₹11,52,500/- ഇ.എം.ഡി. ഇനത്തിൽ

ലഭിക്കേണ്ടതായിരുന്നു.

4. കുറഞ്ഞ ടെണ്ടർ സമർപ്പിച്ച കൈരളി ഏജൻസീസിന്റെ അപേക്ഷ പ്രകാരം നിയമ വിരുദ്ധമായി സെക്യൂരിറ്റി ഡെപ്പോസിറ്റ് ₹5,00,000/- ആയി കുറവ് ചെയ്തു. പ്രൈം കൺസ്ട്രക്ഷൻസ് എന്ന സ്ഥാപനവുമായി നെഗോഷിയേഷൻ നടത്തേണ്ടി വന്നത് മൂലം ഓരോ പ്രവൃത്തിക്കുമുള്ള നഷ്ടം മേൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയിരുന്നെങ്കിൽ കൈരളി ഏജൻസീസ് എന്ന സ്ഥാപനത്തിൽ നിന്നും ഈടാക്കുന്നതിന് സാധിക്കുമായിരുന്നു. അപ്രകാരം ചെയ്തിട്ടില്ല.

5. നിയമ വിരുദ്ധമായി പ്രൈം കൺസ്ട്രക്ഷൻസ് എന്ന സ്ഥാപനത്തിൽ നിന്നും ₹1,00,000/- മാത്രം സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയാൽ മതിയെന്ന് തീരുമാനിച്ചു.

6. 2018-19 വർഷത്തിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തി ടെണ്ടറിൽ ഏർപ്പെടുകയും പിന്നീട് പിൻവാങ്ങുകയും ചെയ്ത പി. സി. ജോർജ് എന്ന വ്യക്തിയെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താതെ വീണ്ടും ടെണ്ടറിൽ പങ്കെടുക്കുന്നതിന് അനുവദിച്ചു.

7. സർക്കാർ ഉത്തരവ് (കൈ)93/2012/LSGD/തീയതി. 31.03.2012 പ്രകാരം ടെണ്ടർ ഫാറ വിൽപ്പനയിലൂടെ ലഭിക്കുന്ന തുക എൻ.ആർ.ജി.എസ്. മറ്റ് വരവുകൾ എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് പഞ്ചായത്ത് തനത് ഫണ്ടിലാണ് നിക്ഷേപിച്ചിരിക്കുന്നത്.

ടെണ്ടർ നടത്തിയതിലുള്ള അപാകത ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 5/28.10.2021) മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിൽ നിന്നും സാക്ഷ്യപ്പെടുത്തി നൽകിയ രേഖകൾ പ്രകാരം 98 പ്രവൃത്തികൾക്ക് 2019-20 വർഷത്തെ ടെണ്ടറിന്റെ അടിസ്ഥാനത്തിൽ മെറ്റീരിയലുകൾ വാങ്ങിയിട്ടുണ്ട്. കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കൈരളി ഏജൻസീസ് പിൻവാങ്ങിയ സാഹചര്യത്തിൽ റീ ടെണ്ടർ നടത്താതെ മൂന്നാമത്തെ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ പ്രൈം കൺസ്ട്രക്ഷൻസ് എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടതിനാൽ സർക്കാർ ഫണ്ടിനുണ്ടായ നഷ്ടം നിജപ്പെടുത്തുന്നതിന് വിശദമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു. ഒപ്പം സാമ്പത്തിക വർഷം അവസാനിക്കുന്ന സമയത്ത് അകാരണമായി ടെണ്ടറിൽ നിന്നും പിൻവാങ്ങിയ ബിൽഡേഴ്സിനെ കരിമ്പട്ടികയിലുൾപ്പെടുത്തേണ്ടതും ഇം.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ കണ്ടുകെട്ടേണ്ടതുമാണ്. പ്രൈം കൺസ്ട്രക്ഷൻസ് എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെടേണ്ടി വന്നത് മൂലമുള്ള നഷ്ടം കരാറിൽ നിന്ന് പിൻവാങ്ങിയ കൈരളി ഏജൻസീസിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം നൽകിയിട്ടില്ലാത്തതിനാൽ മേൽ ടെണ്ടർ പ്രകാരം മെറ്റീരിയലുകൾ വാങ്ങുന്നതിനായി ചെലവഴിച്ച (ഗ്രാമപഞ്ചായത്തിൽ നിന്നും സാക്ഷ്യപ്പെടുത്തി നൽകിയ രേഖകൾ പ്രകാരം) ₹2,00,99,850.37 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-16 ഉറസ്സായ കുടിവെള്ള കിണറുകൾ ശുചിത്വ കിണറുകളാക്കി മാറ്റുക (പട്ടിക വർഗം) - അധിക തുക നൽകി

| | |
|---|---|
| പ്രോജക്റ്റ് നം. | 38/21 |
| പദ്ധതിയുടെ പേര് | ഉറസ്സായ കുടിവെള്ള കിണറുകൾ ശുചിത്വ കിണറുകളാക്കി മാറ്റുക (പട്ടിക വർഗം) |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ/ചെലവ് | ₹82,000/-, ₹82,000/-(വികസന ഫണ്ട്-ടി.എസ്.പി. |
| ബിൽ നം./തീയതി /തുക | 20100752012301052161/തീ. 08.02.2021 - ₹40,000/- |
| | 20100752012301340498/തീ. 24.03.2021 - ₹42,000/- |

സർക്കാർ ഉത്തരവ് നം. 22/2018/തസ്വഭവ.തീയതി 14.02.2018 ഖണ്ഡിക 6.6 ക്രമ നം. 4 പ്രകാരം മേൽ പദ്ധതി നടപ്പാക്കുന്നതിന് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ യഥാർത്ഥ ചെലവ് നൽകാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചതിൽ താഴെപ്പറയുന്ന അപാകതകളുണ്ട്.

| ഗുണഭോക്താവിന്റെ പേര് | നൽകിയ തുക ₹ | ബിൽ നം./തീയതി | അസി.എഞ്ചിനിയറുടെ വാല്യുവേഷൻ പ്രകാരം അനുവദിക്കാവുന്ന തുക ₹ | അപാകത |
|---|---|---|---|---|
| പ്രിയ എബി, മഴുവഞ്ചേരിയിൽ | 20000 | 20100752012301052161/ 08.02.2021 | 33986.50 | ആകെ ₹8,013.5 അധികമായി നൽകി |
| | 22000 | 20100752012301340498/ 24.03.2021 | | |

അസി. എഞ്ചിനീയറുടെ വാല്യുവേഷനേക്കാൾ ഉയർന്ന ധനസഹായം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 6/29.10.2021) സമർപ്പിച്ച മറുപടിയിൽ കിണർ പുനരുദ്ധാരണം നടന്നുകൊണ്ടിരുന്ന വേളയിൽ കിണറിലുണ്ടായിരുന്ന പാറ പൊട്ടിച്ച് നീക്കേണ്ടി വന്നതിനാൽ ധനസഹായമായി അനുവദിച്ചതിലും കൂടുതൽ തുക ചെലവായിട്ടുണ്ടെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് അസി. എഞ്ചിനീയറുടെ വാല്യുവേഷനേക്കാൾ കൂടുതൽ തുക നൽകിയതെന്ന് വ്യക്തമാക്കി. ഉടൻ തന്നെ മുഴുവൻ തുകയ്ക്കുമുള്ള വാല്യുവേഷൻ ഹാജരാക്കിക്കൊള്ളാമെന്നും തടസ്സം ഒഴിവാക്കണമെന്നും മറുപടിയിൽ വി.ഇ.ഒ. അപേക്ഷിച്ചിട്ടുണ്ട്. ആയതിനാൽ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതുവരേയ്ക്കും അധികമായി നൽകിയ ₹8,013/-യുടെ ചെലവ് നിരാകരിക്കുന്നു.

## 1-17 അംഗൻവാടികൾക്ക് പാചക പാത്രങ്ങൾ വാങ്ങൽ - ടെണ്ടറിനേക്കാൾ കൂടിയ നിരക്ക് നെഗോഷിയേഷനിലൂടെ നിശ്ചയിച്ച് വാങ്ങൽ നടത്തി

| | |
|---|---|
| പ്രോജക്ട് നം. | 44/21 |
| പദ്ധതിയുടെ പേര് | അംഗൻവാടികൾക്ക് പാചക പാത്രങ്ങൾ വാങ്ങൽ |
| നിർവ്വഹണം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| അടങ്കൽ/ചെലവ് | ₹1,50,000/- ₹1,43,880/- (വികസന ഫണ്ട് – പൊതു വികസന ഫണ്ട് |
| ബിൽ നം./തീയതി | 20100752013101077960/12-02-2021 |

ഗ്രാമപഞ്ചായത്തിലെ 22 അംഗനവാടികൾക്ക് പാചക പാത്രങ്ങൾ വാങ്ങൽ എന്ന് പദ്ധതിക്കായി താഴെപ്പറയുന്ന സ്പെസിഫിക്കേഷനോടു കൂടിയുള്ള ടെണ്ടർ ക്ഷണിക്കുകയും മൂന്ന് സ്ഥാപനങ്ങൾ ടെണ്ടർ നൽകുകയും ചെയ്തിട്ടുണ്ട്.

| ഐറ്റം | സ്പെസിഫിക്കേഷൻ (ഒരോന്നും 22 എണ്ണം വീതം) |
|---|---|
| മിക്സി | 750 വാട്സ് & 3 ജാർ |
| ഇഡലി പാത്രം | 3 തട്ട് |

| | |
|---|---|
| ദോശക്കല്ല് | നോൺസ്റ്റിക്ക് |
| കുക്കർ | 5 ലിറ്റർ |
| ഇന്റാലിയം ഉരുളി | 3 കിലോ സാധനങ്ങൾ പാകം ചെയ്യുവാൻ കഴിയുന്നത് |

എസ്.എൻ. ഹോം ഷൈൻസ് രാജാക്കാട്, അഭിജിത് വി. ബിമൽ, സെൻട്രൽ വെസൽസ് രാജകുമാരി എന്നീ സ്ഥാപനങ്ങൾ ടെണ്ടറുകൾ നൽകി. ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 24-08-2020- ലെ 6(5) നമ്പർ തീരുമാനപ്രകാരം ടെണ്ടർ നൽകിയവരുമായി നെഗോഷിയേഷൻ നടത്തുന്നതിനും സാധനങ്ങൾ പരിശോധിക്കുന്നതിനും ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തി. ടെണ്ടർ നൽകിയവരുമായി നെഗോഷിയേഷൻ നടത്തുകയും ജി.എസ്.റ്റി. രജിസ്ട്രേഷൻ ഇല്ലാത്തതിനാൽ കുറഞ്ഞ ടെണ്ടർ നൽകിയ അഭിജിത്ത് വി. ബിമൽ എന്നയാളുടെ ടെണ്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ നിരസിക്കുകയും ചെയ്തു. രണ്ടാമത് കുറഞ്ഞ ടെണ്ടർ നൽകിയ എസ്.എൻ. ഹോം ഷൈൻസ്, രാജാക്കാട് എന്ന സ്ഥാപനത്തിൽ നിന്നും ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 9-10-2020-ലെ 3(6) നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വാങ്ങൽ നടത്തി. വാങ്ങൽ പ്രക്രിയയിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

ടെണ്ടർ സമർപ്പിച്ചവരുമായി നെഗോഷിയോഷൻ നടത്തുന്നത് വാങ്ങുന്ന സാമഗ്രികളുടെ വില ടെണ്ടറിൽ ക്വോട്ട് ചെയ്തതിൽ നിന്നും പരമാവധി കുറക്കുന്നതിനും ഗുണമേന്മയുള്ള സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിനും വേണ്ടിയാണ്. എന്നാൽ മേൽ പദ്ധതി പ്രകാരം എസ്. എൻ. ഹോം ഷൈൻസ് എന്ന സ്ഥാപനവുമായി ഗ്രാമ പഞ്ചായത്ത് നെഗോഷിയേഷൻ നടത്തിയപ്പോൾ സ്ഥാപനം രേഖാമൂലം നൽകിയ കത്തിൽ ഏതാനും ഇനങ്ങളുടെ വില ടെണ്ടർ നിരക്കിനേക്കാളും കൂടുതലായി രേഖപ്പെടുത്തുകയും അത് ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് വാങ്ങൽ നടത്തുകയും ചെയ്തതിനാൽ ₹17,930/-ടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഐറ്റം | ടെണ്ടർ പ്രകാരം ക്വോട്ട് ചെയ്ത തുക (₹) | നെഗോഷിയേഷൻ പ്രകാരം സ്ഥാപനം ക്വോട്ട് ചെയ്ത തുക (₹) | വ്യത്യാസം (₹) | ആകെ അധികമായി നൽകിയത് (₹) (വ്യത്യാസം X 22) |
|---|---|---|---|---|---|
| 3 | ദോശക്കല്ല് | 440 | 765 | 325 | 7150 |
| 5 | ഇന്റാലിയം ഉരുളി | 1190 | 1680 | 490 | 10780 |
| | | ആകെ | | | 17930 |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/06-10-2021) സമർപ്പിച്ച മറുപടിയിൽ എസ്. എൻ. ഹോംസ്, രാജാക്കാട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 09-10-2020-ലെ 3(6) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിരുന്നതിനാലാണ് വാങ്ങൽ നടത്തിയത് എന്ന് അറിയിച്ചിട്ടുണ്ട്. രണ്ട് പഞ്ചായത്തുകളുടെ ചാർജ്ജ് ഉണ്ടായിരുന്നതിനാൽ മുൻ ഫയലുകൾ പരിശോധിക്കുവാൻ സാധിച്ചില്ലായെന്നും ഐ.സി.ഡി.എസ്. സൂപ്പർവൈസർ വ്യക്തമാക്കി. ഈ മറുപടി അംഗീകരിക്കാനാവില്ല. ടെണ്ടർ നിരക്കിനേക്കാൾ അധിക തുക നൽകി വാങ്ങൽ നടത്തിയത് മൂലമുള്ള സർക്കാർ ഫണ്ടിനുണ്ടായ ₹17,930/-ടെ നഷ്ടം ഓഡിറ്റിൽ നിരാകരിക്കുന്നു. മേൽ നഷ്ടം ടെണ്ടർ സമർപ്പിച്ചവരുമായി നെഗോഷിയേഷൻ നടത്തി ഉയർന്ന നിരക്കുള്ള താരതമ്യ പട്ടിക തയ്യാറാക്കി നൽകിയ ഐ.സി.ഡി.എസ്. സൂപ്പർവൈസർ, ടെണ്ടർ അംഗീകരിച്ച 09-10-2020-ലെ 3(6)ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗങ്ങൾ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കുന്നതിന് ശുപാർശ ചെയ്യുന്നു.

### 1-18 ലൈഫ് ഭവനപദ്ധതി - സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കിയില്ല

പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളിൽ ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വീഴ്ച വരുത്തിയ ഗുണഭോക്താവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| പേരും മേൽവിലാസവും | നൽകിയ തുക/ തീയതി | പൂർത്തീകരിച്ച നിർമ്മാണഘട്ടം | അവസാനമായി സ്വീകരിച്ച നടപടി |
|---|---|---|---|
| മേരി ജോണി കോവുകാട്ടിൽ | 40,000/ 26-09-2018, ബിൽ നം. - BRN 18100752012300569821 | നിർമ്മാണം ആരംഭിച്ചിട്ടില്ല | ഗുണഭോക്താവിന് കത്തയച്ചെങ്കിലും നാളിതുവരെ നിർമ്മാണം ആരംഭിച്ചിട്ടില്ല |

ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഭരണസമിതി അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്.

### 1-19 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| അടങ്കൽ | ₹3,00,000/- (മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം) |
| പദ്ധതി നം. | 22/2021 |
| പദ്ധതി | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| ബിൽ നം, തീയതി & തുക | 20100752013900698546/07.11.2020, ₹3,00,000/- |

ഗ്രാമപഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിന് വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്. പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് മേൽ സൂചിത ബിൽ പ്രകാരം ₹3,00,000/- നൽകിയിട്ടുണ്ടെങ്കിലും ഇൻവോയ്സ് നം എൽ.എഫ്-784/24-6-2021 പ്രകാരം ₹66,205/-യുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. അവശേഷിക്കുന്ന ₹2,33,795/- മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 തുറസ്സായ കുടിവെള്ള കിണറുകൾ ശുചിത്വ കിണറുകളാക്കി മാറ്റുക (പട്ടിക വർഗം) - അധിക തുക നൽകി

| | |
|---|---|
| പ്രോജക്റ്റ് നം. | 38/21 |

| | |
|---|---|
| പദ്ധതിയുടെ പേര് | തുറസ്സായ കുടിവെള്ള കിണറുകൾ ശുചിത്വ കിണറുകളാക്കി മാറ്റുക (പട്ടിക വർഗം) |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ/ചെലവ് | ₹82,000/-, ₹82,000/-(വികസന ഫണ്ട്-ടി.എസ്.പി. |
| ബിൽ നം./തീയതി /തുക | 20100752012301052161/തീ. 08.02.2021 - ₹40,000/- |
| | 20100752012301340498/തീ. 24.03.2021 - ₹42,000/- |

സർക്കാർ ഉത്തരവ് നം. 22/2018/തസ്വഭവ.തീയതി 14.02.2018 ഖണ്ഡിക 6.6 ക്രമ നം. 4 പ്രകാരം മേൽ പദ്ധതി നടപ്പാക്കുന്നതിന് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ യഥാർത്ഥ ചെലവ് നൽകാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചതിൽ താഴെപ്പറയുന്ന അപാകതകളുണ്ട്.

| ഗുണഭോക്താവിന്റെ പേര് | നൽകിയ തുക ₹ | ബിൽ നം./തീയതി | അസി.എഞ്ചിനിയറുടെ വാല്യുവേഷൻ പ്രകാരം അനുവദിക്കാവുന്ന തുക ₹ | അപാകത |
|---|---|---|---|---|
| പ്രിയ എബി, മഴവഞ്ചേരിയിൽ | 20000 | 20100752012301052161/ 08.02.2021 | 33986.50 | ആകെ ₹8,013.5 അധികമായി നൽകി |
| | 22000 | 20100752012301340498/ 24.03.2021 | | |

അസി. എഞ്ചിനീയറുടെ വാല്യുവേഷനേക്കാൾ ഉയർന്ന ധനസഹായം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 6/29.10.2021) സമർപ്പിച്ച മറുപടിയിൽ കിണർ പുനരുദ്ധാരണം നടന്നുകൊണ്ടിരുന്ന വേളയിൽ കിണറിലുണ്ടായിരുന്ന പാറ പൊട്ടിച്ച് നീക്കേണ്ടി വന്നതിനാൽ ധനസഹായമായി അനുവദിച്ചതിലും കൂടുതൽ തുക ചെലവായിട്ടുണ്ടെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് അസി. എഞ്ചിനീയറുടെ വാല്യുവേഷനേക്കാൾ കൂടുതൽ തുക നൽകിയതെന്ന് വ്യക്തമാക്കി. ഉടൻ തന്നെ മുഴുവൻ തുകയ്ക്കുമുള്ള വാല്യുവേഷൻ ഹാജരാക്കിക്കൊള്ളാമെന്നും തടസ്സം ഒഴിവാക്കണമെന്നും മറുപടിയിൽ വി.ഇ.ഒ. അപേക്ഷിച്ചിട്ടുണ്ട്. ആയതിനാൽ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതുവരേയ്ക്കും അധികമായി നൽകിയ ₹8,013/-യുടെ ചെലവ് നിരാകരിക്കുന്നു.

## 3-2 അംഗൻവാടികൾക്ക് പാചക പാത്രങ്ങൾ വാങ്ങൽ - ടെണ്ടറിനേക്കാൾ കൂടിയ നിരക്ക് നെഗോഷിയേഷനിലൂടെ നിശ്ചയിച്ച് വാങ്ങൽ നടത്തി

| | |
|---|---|
| പ്രോജക്ട് നം. | 44/21 |
| പദ്ധതിയുടെ പേര് | അംഗൻവാടികൾക്ക് പാചക പാത്രങ്ങൾ വാങ്ങൽ |
| നിർവ്വഹണം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| അടങ്കൽ/ചെലവ് | ₹1,50,000/- ₹1,43,880/- (വികസന ഫണ്ട് – പൊതു വികസന ഫണ്ട് |
| ബിൽ നം./തീയതി | 20100752013101077960/12-02-2021 |

ഗ്രാമപഞ്ചായത്തിലെ 22 അംഗനവാടികൾക്ക് പാചക പാത്രങ്ങൾ വാങ്ങൽ എന്ന് പദ്ധതിക്കായി താഴെപ്പറയുന്ന സ്പെസിഫിക്കേഷനോടു കൂടിയുള്ള ടെണ്ടർ ക്ഷണിക്കുകയും മൂന്ന് സ്ഥാപനങ്ങൾ ടെണ്ടർ നൽകുകയും ചെയ്തിട്ടുണ്ട്.

| ഐറ്റം | സ്പെസിഫിക്കേഷൻ (ഒരോന്നും 22 എണ്ണം വീതം) |
|---|---|

| | |
|---|---|
| മിക്സി | 750 വാട്സ് & 3 ജാർ |
| ഇഡലി പാത്രം | 3 തട്ട് |
| ദോശക്കല്ല് | നോൺസ്റ്റിക്ക് |
| കുക്കർ | 5 ലിറ്റർ |
| ഇന്റാലിയം ഉരുളി | 3 കിലോ സാധനങ്ങൾ പാകം ചെയ്യുവാൻ കഴിയുന്നത് |

എസ്.എൻ. ഹോം ഷൈൻസ് രാജാക്കാട്, അഭിജിത് വി. ബിമൽ, സെൻട്രൽ വെസൽസ് രാജകുമാരി എന്നീ സ്ഥാപനങ്ങൾ ടെണ്ടറുകൾ നൽകി. ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 24-08-2020- ലെ 6(5) നമ്പർ തീരുമാനപ്രകാരം ടെണ്ടർ നൽകിയവരുമായി നെഗോഷിയേഷൻ നടത്തുന്നതിനും സാധനങ്ങൾ പരിശോധിക്കുന്നതിനും ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തി. ടെണ്ടർ നൽകിയവരുമായി നെഗോഷിയേഷൻ നടത്തുകയും ജി.എസ്.റ്റി. രജിസ്ട്രേഷൻ ഇല്ലാത്തതിനാൽ കുറഞ്ഞ ടെണ്ടർ നൽകിയ അഭിജിത്ത് വി ബിമൽ എന്നയാളുടെ ടെണ്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ നിരസിക്കുകയും ചെയ്തു. രണ്ടാമത് കുറഞ്ഞ ടെണ്ടർ നൽകിയ എസ്.എൻ ഹോം ഷൈൻസ് രാജാക്കാട് എന്ന സ്ഥാപനത്തിൽ നിന്നും ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 9-10-2020-ലെ 3(6) നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വാങ്ങൽ നടത്തി. വാങ്ങൽ പ്രക്രിയയിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

ടെണ്ടർ സമർപ്പിച്ചവരുമായി നെഗോഷിയോഷൻ നടത്തുന്നത് വാങ്ങുന്ന സാമഗ്രികളുടെ വില ടെണ്ടറിൽ ക്വോട്ട് ചെയ്തതിൽ നിന്നും പരമാവധി കുറക്കുന്നതിനും ഗുണമേന്മയുള്ള സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിനും വേണ്ടിയാണ്. എന്നാൽ മേൽ പദ്ധതി പ്രകാരം എസ്. എൻ. ഹോം ഷൈൻസ് എന്ന സ്ഥാപനവുമായി ഗ്രാമ പഞ്ചായത്ത് നെഗോഷിയേഷൻ നടത്തിയപ്പോൾ സ്ഥാപനം രേഖാമൂലം നൽകിയ കത്തിൽ ഏതാനും ഇനങ്ങളുടെ വില ടെണ്ടർ നിരക്കിനേക്കാളും കൂടുതലായി രേഖപ്പെടുത്തുകയും അത് ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് വാങ്ങൽ നടത്തുകയും ചെയ്തതിനാൽ ₹17,930/-ടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഐറ്റം | ടെണ്ടർ പ്രകാരം ക്വോട്ട് ചെയ്ത തുക (₹) | നെഗോഷിയേഷൻ പ്രകാരം സ്ഥാപനം ക്വോട്ട് ചെയ്ത തുക (₹) | വ്യത്യാസം (₹) | ആകെ അധികമായി നൽകിയത് (₹) (വ്യത്യാസം X 22) |
|---|---|---|---|---|---|
| 3 | ദോശക്കല്ല് | 440 | 765 | 325 | 7150 |
| 5 | ഇന്റാലിയം ഉരുളി | 1190 | 1680 | 490 | 10780 |
| | ആകെ | | | | 17930 |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/06-10-2021) സമർപ്പിച്ച മറുപടിയിൽ എസ്. എൻ. ഹോംസ്, രാജാക്കാട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 09-10-2020-ലെ 3(6) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിരുന്നതിനാലാണ് വാങ്ങൽ നടത്തിയത് എന്ന് അറിയിച്ചിട്ടുണ്ട്. രണ്ട് പഞ്ചായത്തുകളുടെ ചാർജ്ജ് ഉണ്ടായിരുന്നതിനാൽ മുൻ ഫയലുകൾ പരിശോധിക്കുവാൻ സാധിച്ചില്ലായെന്നും ഐ.സി.ഡി.എസ്. സൂപ്പർവൈസർ വ്യക്തമാക്കി. ഈ മറുപടി അംഗീകരിക്കാനാവില്ല. ടെണ്ടർ നിരക്കിനേക്കാൾ അധിക തുക നൽകി വാങ്ങൽ നടത്തിയത് മൂലമുള്ള സർക്കാർ ഫണ്ടിനുണ്ടായ ₹17,930/-ടെ നഷ്ടം ഓഡിറ്റിൽ നിരാകരിക്കുന്നു. മേൽ നഷ്ടം ടെണ്ടർ സമർപ്പിച്ചവരുമായി നെഗോഷിയേഷൻ നടത്തി ഉയർന്ന നിരക്കുള്ള താരതമ്യ പട്ടിക തയ്യാറാക്കി നൽകിയ ഐ.സി.ഡി.എസ്. സൂപ്പർവൈസർ, ടെണ്ടർ അംഗീകരിച്ച 09-10-2020-ലെ

3(6)ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗങ്ങൾ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കുന്നതിന് ശുപാർശ ചെയ്യുന്നു.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നം./തീയതി |
|---|---|---|
| 2020-2021 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു | -- |

### 4-2 സംയുക്ത പദ്ധതികൾ 2020-21

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| നെടുംകണ്ടം ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 137500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 137500 | 0 |
| നെടുംകണ്ടം ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 220000 | ലൈഫ് ഭവന പദ്ധതി | 220000 | 0 |
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2020-21 | 400000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 400000 | 0 |
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2020-21 | 137500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 137500 | 0 |

### 4-3 നിക്ഷേപ പ്രവൃത്തികൾ

- ഇല്ല -

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

### 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം ലൈഫ് വായ്പയിനത്തിൽ ₹46,59,345/- വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ | ഉത്തരവ് നമ്പർ/ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻ വർഷം | ആകെ അടയ്ക്കാനുള്ള | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|---|

| ഉദ്ദേശ്യം | തീയതി | ബാക്കിയുണ്ടായിരുന്ന തുക ₹ | എടുത്ത വായ്പ തുക ₹ | വായ്പാ തുക ₹ | ₹ | | ബാക്കിയുള്ള മുതൽ ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ജവഹർ ഭവനപദ്ധതി ₹5200000/- | 300615/സി.ബി/1/15/ത.സ്വ.ഭ.വ. തീ. 11.11.2015 | 3333219 | - | 3333219 | 732845 | 83577 | 2600374 |
| ലൈഫ് മിഷൻ ₹31940000/- | സ. ഉ.(എം എസ്) നം.68/2018/ തസ്വഭവ. തീ.18.05.2018 | 25823696 | 46,59,345 | 30483041 | 1667001 | - | 28816040 |

## 4-6 സ്ഥിര നിക്ഷേപം

- ഇല്ല -

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 29 | 2003-04 | | കുടിവെള്ള പദ്ധതിക്ക് അധിക ചെലവ് | തൽസ്ഥിതി തുടരുന്നു |
| 2003-04 | 2.1 | 2006-07 | 3.35.3 | നിയമപരമായ രജിസ്റ്റർ എഴുതുന്നില്ല | |
| 2015-16<br>2016-17 | പൊതു അവലോകനം | 2017-18 | | പൂർത്തീകരണ ശേഷം ആസ്തിയുടെ വിവരങ്ങൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല<br>പ്രോ. നം. 140/16<br>പ്രോ.നം. 134/17 | തുടരുന്നു |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

-- ഇല്ല --

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും | തുക | | | ഉൾപ്പെട്ട | ഈടാ | | | |

| | | | ഭരണ വകുപ്പ് | തീയതിയും | | | | തുക | ക്കിയ തുക | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| | 2009-10 | ഖ.3-1 | വിക്രമൻ പിള്ള (AE) | Lf 11041/ Sp.cell/ Csc 1 Dt. 03/12/14 | 6100 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 6100 | 0 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹9484156 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹65477670 |
| ആകെ | ₹74961826 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹66051932 |
| നീക്കിയിരിപ്പ് | ₹8909894 |
| വരവിനങ്ങളിലുള്ള നഷ്ടം | - ഇല്ല - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹25943 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹20099850.37 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-16 & 3-1 | 8013 | | ശ്രീമതി ജിൻസി തോമസ്, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-17&3-2 | 17930 | 1382 | ശ്രീമതി ഉഷാ സ്റ്റീഫൻ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| | | 1379 | ശ്രീമതി എം. എസ്. സതി, പ്രസിഡന്റ് |
| | | 1379 | ശ്രീ. ബെന്നി തോമസ്, മെമ്പർ |
| | | 1379 | ശ്രീ. സുജിമോൻ കെ.റ്റി, മെമ്പർ |
| | | 1379 | ശ്രീമതി ബിജി സന്തോഷ്, മെമ്പർ |
| | | 1379 | ശ്രീമതി ഇന്ദിര സുരേന്ദ്രൻ, മെമ്പർ |
| | | 1379 | ശ്രീമതി ബിന്ദു സതീശൻ, മെമ്പർ |

| | | |
|---|---|---|
| | | |
| | 1379 | ശ്രീ. പ്രിൻസ് മാത്യു, മെമ്പർ |
| | 1379 | ശ്രീമതി ശോഭന രാമൻകുട്ടി, മെമ്പർ |
| | 1379 | ശ്രീ. രാജൻ കെ. കെ, മെമ്പർ |
| | 1379 | ശ്രീ. അനിൽ കെ. പി, മെമ്പർ |
| | 1379 | ശ്രീമതി ഗീത പ്രസാദ്, മെമ്പർ |
| | 1379 | ശ്രീമതി ടീനാമോൾ ജോൺ, മെമ്പർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 20099850.37 | ശ്രീ. സുജിത് കുമാർ ആർ. ഡി., സെക്രട്ടറി |

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| - ഇല്ല - | | |

(ഡി) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖ. 1-15

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ജിൻസി തോമസ്<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ<br>രാജാക്കാട് ഗ്രാമപഞ്ചായത്ത് | തയ്യിൽ ഹൗസ്<br>രാജാക്കാട് പി ഒ<br>രാജാക്കാട് |
| ശ്രീമതി എം. എസ്. സതി<br>പ്രസിഡന്റ് | പ്രസിഡന്റ്<br>രാജാക്കാട് ഗ്രാമപഞ്ചായത്ത് | വലിയകല്ലുങ്കൽ വീട്<br>രാജാക്കാട് പി ഒ<br>രാജാക്കാട് |
| ശ്രീമതി ഉഷ സ്റ്റീഫൻ,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ | സി.ഡി.പി.ഒ.<br>നെടുങ്കണ്ടം | പെരുംതോട്ടത്തിൽ വീട്,<br>മുള്ളുവള പി. ഒ,<br>തിരുവനന്തപുരം-695133 |
| ശ്രീ. ബെന്നി തോമസ്<br>മെമ്പർ | -- | പാലക്കാട്ട് വീട്,<br>പൊൻമുടി പി. ഒ,<br>പൊൻമുടി, ഇടുക്കി ജില്ല |
| ശ്രീ. സുജിമോൻ കെ. റ്റി.<br>മെമ്പർ | -- | കുന്നക്കാട്ട് വീട്,<br>മുല്ലക്കാനം,<br>രാജാക്കാട്, ഇടുക്കി ജില്ല |
| ശ്രീമതി ബിജി സന്തോഷ്<br>മെമ്പർ | -- | പുത്തൻകണ്ടത്തിൽ വീട്,<br>എൻ.ആർ. സിറ്റി<br>രാജാക്കാട്, ഇടുക്കി ജില്ല |
| ശ്രീമതി ഇന്ദിര സുരേന്ദ്രൻ<br>മെമ്പർ | -- | കമുകും മറ്റത്തിൽ വീട്,<br>രാജാക്കാട് പി. ഒ.<br>രാജാക്കാട്, ഇടുക്കി ജില്ല |

| | | |
|---|---|---|
| ശ്രീമതി ബിന്ദു സതീശൻ<br>മെമ്പർ | -- | മഞ്ഞാങ്കൽ വീട്,<br>മമ്മട്ടിക്കാനം പി. ഒ.<br>രാജാക്കാട്, ഇടുക്കി ജില്ല |
| ശ്രീ. പ്രിൻസ് മാത്യു<br>മെമ്പർ | -- | തൃക്കേക്കുന്നംപുറത്ത് വീട്,<br>മമ്മട്ടിക്കാനം പി. ഒ.<br>രാജാക്കാട്, ഇടുക്കി ജില്ല |
| ശ്രീമതി ശോഭന രാമൻകുട്ടി<br>മെമ്പർ | -- | തെക്കേടത്ത്,<br>മമ്മട്ടിക്കാനം പി. ഒ.<br>രാജാക്കാട്, ഇടുക്കി ജില്ല |
| ശ്രീ. രാജൻ കെ. കെ.<br>മെമ്പർ | -- | കിണറ്റിൻകര വീട്,<br>മമ്മട്ടിക്കാനം പി. ഒ.<br>രാജാക്കാട്, ഇടുക്കി ജില്ല |
| ശ്രീ. അനിൽ കെ. പി.<br>മെമ്പർ | -- | കൈലാത്ത് വീട്,<br>മമ്മട്ടിക്കാനം പി. ഒ.<br>രാജാക്കാട്, ഇടുക്കി ജില്ല |
| ശ്രീമതി. ഗീത പ്രസാദ്<br>മെമ്പർ | -- | തൈക്കുന്നേൽ,<br>മമ്മട്ടിക്കാനം പി. ഒ.<br>രാജാക്കാട്, ഇടുക്കി ജില്ല |
| ശ്രീമതി ടീനാമോൾ ജോൺ<br>മെമ്പർ | -- | കദളിക്കാട്ടിൽ<br>പൊൻമുടി പി. ഒ,<br>പൊൻമുടി, ഇടുക്കി ജില്ല |
| സുജിത്കുമാർ ആർ. സി.<br>സെക്രട്ടറി | സെക്രട്ടറി<br>രാജാക്കാട് ഗ്രാമപഞ്ചായത്ത് | രാധിക<br>കക്കാനം, മാറായമുട്ടം പി. ഒ.<br>നെയ്യാറ്റിൻകര<br>തിരുവനന്തപുരം – 695122 |

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1965-66 | എൽ. എഫ്. ഐ-5-601/91/30.7.1981 | | |
| 1966-67 | എൽ. എഫ്. ഐ-5-601/91/30.7.1981 | | |
| 1967-68 | എൽ. എഫ്. ഐ-5-601/91/30.7.1981 | | |
| 1968-69 | എൽ. എഫ്. ഐ-5-601/91/30.7.1981 | | |
| 1969-70 | എൽ. എഫ്. ഐ-5-601/91/30.7.1981 | | |
| 1970-71 | എൽ. എഫ്. ഐ-5-601/91/30.7.1981 | | |
| 1972-73 | എൽ. എഫ്. ഐ-5-601/91/30.7.1981 | | |
| 1973-74 | എൽ. എഫ്. ഐ-5-601/91/30.7.1981 | | |
| 1975-76 | എൽ. എഫ്. ഐ-5-601/91/30.7.1981 | | |
| 1976-77 | എൽ. എഫ്. ഐ-5-601/91/30.7.1981 | | |
| 1978-79 | എൽ. എഫ്. ഐ-5-601/91/30.7.1981 | | |

| | | | |
|---|---|---|---|
| 1979-80 | എൽ. എഫ്. ഐ-5-272/82/26.6.1982 | | |
| 1980-81 | എൽ. എഫ്. ഐ-5-1233/83/30.10.1983 | | |
| 1981-82 | എൽ. എഫ്. ഐ-5-163/89/31.7.1989 | | |
| 1982-83 | എൽ. എഫ്. ഐ-5-1036/85/05.07.1986 | | |
| 1983-84 | എൽ. എഫ്. ഐ-5-968/87/12.05.1987 | | |
| 1984-85 | എൽ. എഫ്. ഐ-5-914/87/21.08.1988 | | |
| 1985-86 | എൽ. എഫ്. ഐ-5-612/89/21.10.1989 | | |
| 1986-87 | എൽ. എഫ്. ഐ-5-616/91/02.08.1992 | | |
| 1987-88 | എൽ. എഫ്. ഐ-5-612/92/06.01.1995 | | |
| 1988-89 & 89-90 | എൽ. എഫ്. ഐ-5-399/94/14.11.1994 | | |
| 1990-91 & 91-92 | എൽ. എഫ്. ഐ-5-589/94/15.11.1995 | | |
| 1992-93 & 93-94 | എൽ. എഫ്. ഐ-5-56/95/28.03.1995 | | |
| 2000-01 | KSAIDK-12/1786/17, Dt.22/01/2018 | 1 | 29 |
| 2002-03 | KSAIDK-12/1786/17, Dt. 22/01/2018 | 1 | 3-3 |
| 2003-04 | KSAIDK-12/1786/17, Dt 22/01/2018 | 1 | 2-2 |
| 2004-05 | KSAIDK-12/1786/17, Dt. 22/01/2018 | 1 | 3-5 |
| 2006-07 | LFI/10/351/09, Dt.10/11/2009 | 11 | 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8 |
| 2007-08 | LFI 12/10/12, Dt.28/01/2012 | 18 | 2-1, 2-2, 3-1, 3-2, 3-3,3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16 |
| 2008-09 | LFI 12/153/2011, Dt. 22/03/2013 | 15 | 2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10 |
| 2009-10 | LFI 12/1379/12, Dt. 05/06/2014 | 14 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-8, 3-1, 3-2, 3-3, 3-4, 3-5, 3-6 |
| 2010-11 & 2011-12 | LFI 12/1144/2014, DT. 01/06/2015 | 8 | 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4, 3-5 |
| 2012-13 | KSA-IDK 12/1480/2015, Dt. 04/03/2016 | 14 | 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11 |
| 2013-14 | KSAIDK 12/915/15, Dt. 26/10/2015 | 13 | 2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8 |
| 2014-15 | KSAIDK 12/943/2016, Dt. 25/10/2016 | 4 | 2-1, 3-3, 3-4, 3-5 |
| 2015-16 | KSAIDK 12/492/2017, Dt. 18/04/2017 | 7 | 2-1, 2-2, 3-1, 3-2, 3-3, 3-4, 3-5 |
| 2016-17 | KSA-IDK12/210/18, Dt. 22/03/2018 | 13 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-8, 3-1, 3-2, 3-3, 3-4, 3-5 |
| 2017-18 | കെ.എസ്.എ-ഐ.ഡി.കെ-12/1314/ 2018, തീയതി:10.12.2018 | 2 | 3-7, 3-8 |

| | | | |
|---|---|---|---|
| 2018-19 | നം.കെ.എസ്.എ.ഐ.ഡി.കെ.12/785/ 2020, തീയതി. 12.11.2020. | 17 | 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20,1-21, 1-22, 1-23, 1-24,1-26, 1-26, 3-1 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ രാജാക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ രാജാക്കാട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്